## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1229** **02.03.2017 ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ മാന്വൽ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. എം. നൗഷാദ്** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ മാന്വൽ പരിഷ്കരിക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി ചെയർമാനായി സംസ്ഥാന മാന്വൽ പരിഷ്കരണക്കമ്മിറ്റി 10.11.2016 ലെ സ.ഉ (കൈ) നം. 188/ 2016/പൊ.വി.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മാന്വൽ പരിഷ്കരണത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നതിനും നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായി വിവിധ ഇനങ്ങളിൽ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ച് യോഗങ്ങൾ ചേരുകയും തുടർപ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. |
| (ബി) | സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഗ്രേസ് മാർക്ക് സമ്പ്രദായം അവസാനിപ്പിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ